## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4107** **20.03.2018 ൽ മറുപടിയ്ക്ക്**

**കാർഷിക ക്ഷേമ ബോർഡ് രൂപീകരിക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കാർഷിക ക്ഷേമ ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | എ) കർഷക ക്ഷേമ ബോർഡിന്റെ കരട് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. ആയത് നിയമ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയ ശേഷം നിയമസഭയിൽ അവതരിപ്പിക്കുന്നതാണ്. ആയതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണിപ്പോൾ. |
| ബി) കാർഷിക ക്ഷേമ ബോർഡ് സ്ഥാപിക്കുന്നതിലൂടെ കർഷകർക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ? | ബി) 60 വയസ്സ് പൂർത്തിയായ അംഗങ്ങൾക്ക് പെൻഷൻ നല്കുക, പിന്നോക്കം നിൽക്കുന്ന അംഗങ്ങൾക്ക്/ അംഗങ്ങളുടെ മക്കൾക്ക് വിവാഹ ധനസഹായം, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭാസത്തിനുള്ള ആനുകൂല്യം, കുടുംബ പെൻഷനും മരണാനന്തര ആനുകൂല്യങ്ങളും, അവശതാ പെൻഷൻ, ഇൻഷറൻസ് പരിരക്ഷ തുടങ്ങിയ ആനുകൂല്യങ്ങളാണ് കർഷക ക്ഷേമ ബോർഡ് രൂപീകരണത്തിലൂടെ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നത്. |

Mayal

സെക്ഷൻ ഓഫീസർ